# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5 07/08/2017-ൽ മറുപടിക്ക്

## സി .ആർ .ഇസഡ് സംബന്ധമായ അപേക്ഷകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ. എൻ. ഷംസീർ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | വിവിധ ആവശ്യങ്ങൾക്കായി സി.ആർ. ഇസഡ്- ൽ വരുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ സാധിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാനുള്ള എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ; | (എ) | സി .ആർ .ഇസഡ്- ൽ വരുന്ന അപേക്ഷകൾ സമയബന്ധിതമായി തീർക്കാനും, ഓഫീസ് സംവിധാനം കേന്ദ്രഗവൺമെന്റ് മാനദണ്ഡമനുസരിച്ച് നടപ്പിലാക്കാനും 01-04-2017 തീയതിയിലെ സ.ഉ (കൈ) നം. 3/2017/പരിസ്ഥിതി ഉത്തരവ് പ്രകാരം കേരള തീരദേശ പരിപാലന അതോറിറ്റി ശാസ്ത്ര സാങ്കേതിക വകുപ്പിൽ നിന്നും പരിസ്ഥിതി വകുപ്പിലേക്ക് മാറ്റുകയും ടി അതോറിറ്റി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തനം ആരംഭിക്കുകയുമുണ്ടായി . അതോറിറ്റിയുടെ ഓഫീസ് പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനായി ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജീവനക്കാരുടെ നിയമനം പൂർത്തിയാകുമ്പോൾ സി.ആർ.ഇസഡ്- ൽ വരുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ സാധിക്കുന്നതാണ്. നാലായിരത്തോളം കെട്ടികിടന്ന അപേക്ഷകളിൽ കഴിഞ്ഞ 3 മാസങ്ങൾ കൊണ്ട് 2000 അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സി.ആർ.ഇസഡ് ഫയൽ തീർപ്പാക്കൽ പ്രക്രിയ ലളിതമാക്കാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (ബി) | ജീവനക്കാർക്ക് വിഷയ പരിജ്ഞാനം നൽകാനായി ഒരു ദിവസത്തെ ട്രെയിനിംഗ് നൽകുകയും തുടർന്ന് ഫയൽ അദാലത്ത് നടത്തി ഫയൽ തീർപ്പാക്കൽ പ്രക്രിയ വേഗത്തിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ ജില്ലാതല ഓഫീസുകൾ ശാക്തീകരിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങളും |

| | | | |
|---|---|---|---|
| | | | ആരംഭിച്ചിട്ടുണ്ട്. നവംബർ അവസാന ത്തോടുകൂടി കെട്ടിക്കിടക്കുന്ന അപേക്ഷ കളിൽ മേൽ പൂർണ്ണമായി നടപടികൾ സ്വീകരിക്കാൻ സാധിക്കും. |

**സെക്ഷൻ ഓഫീസർ**